കുടിശ്ശിക കൊടുത്തുതീർത്തുവെങ്കിലും കഴിഞ്ഞ ഗവൺമെന്റ് ഉണ്ടാക്കിവച്ച 18 മാസത്തെ കുടിശ്ശികയിൽനിന്നും രണ്ട് മാസത്തെ കുടിശ്ശിക മാത്രമേ നമ്മൾ കൊടുത്തുതീർത്തുള്ളൂ. ഇപ്പോൾ 16 മാസത്തെ കുടിശ്ശിക അവശേഷിക്കുകയാണ്. അതുകൊണ്ട് മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക അടിയന്തിരമായി കൊടുത്തുതീർക്കാനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മത്സ്യത്തൊഴിലാളി പെൻഷൻ മാസം 75 രൂപയായിരുന്നു. കുടിശ്ശിക 18 മാസത്തേതുണ്ടായിരുന്നു. എന്നാൽ പെൻഷൻ തുക രണ്ടു പ്രാവശ്യമായി നൂറ് രൂപ, 120 രൂപ ഈ ക്രമത്തിൽ വർദ്ധിപ്പിച്ചു നൽകി. ഈ സർക്കാർ അധികാരം ഏറ്റെടുത്ത ശേഷമുള്ള അൻപത്തിയെട്ടു മാസത്തിനിടയിൽ അൻപത്തിയഞ്ചു തവണ പെൻഷൻ അനുവദിക്കുകയും ചെയ്തു. മുൻ ഗവൺമെന്റ് കുടിശ്ശിക വരുത്തിയ 18 മാസത്തെ പെൻഷൻ കുടിശ്ശികയും കൊടുത്തു തീർക്കാൻ പരിശ്രമിക്കുകയാണ്. നിലവിൽ 16 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. നാലു മാസത്തെ പെൻഷൻ കൊടുക്കാനുള്ള തുക ഈ വർഷത്തെ ബഡ്ജറ്റ് വിഹിതമായി ലഭിക്കും, ഇതു കൂടി വിതരണം ചെയ്തു കഴിയുമ്പോൾ 12 മാസത്തെ കുടിശ്ശികയേ ബാക്കി വരുകയുള്ളൂ. മുൻ സർക്കാർ കുടിശ്ശിക വരുത്തിയ തുകയും കൂടിയ നിരക്കിലുള്ള പെൻഷനും 8066 പേർക്ക് കൂടുതലായി പെൻഷൻ അനുവദിച്ച അധികച്ചെലവും കാരണം പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തു തീർക്കാർ കഴിഞ്ഞില്ല. പരമാവധി കുടിശ്ശിക തീർത്തുകൊടുക്കാൻ ശ്രമിച്ചു വരികയാണ്.

(3) കാസർകോട് താലൂക്ക് ആശുപത്രി കെട്ടിടനിർമ്മാണം

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കാസർകോട് ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏക കിടത്തി ചികിത്സിക്കാനുള്ള ആശുപത്രിയാണ് താലൂക്ക് ഗവൺമെന്റ് ആശുപത്രി. ഏതാണ്ട് എട്ടു വർഷങ്ങൾക്ക് മുമ്പ് 200 കിടക്കകളുള്ള ഏഴ് നില കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചു. 1994-ലെ പഞ്ചായത്ത് മുനിസിപ്പൽ നിയമം നിലവിൽ വന്നതിനുശേഷം സർക്കാർ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് സാങ്കേതികമായ കാരണങ്ങളാൽ മുനിസിപ്പാലിറ്റി ഏറ്റെടുത്ത് നടത്തണമോ അതോ സർക്കാർ പൂർത്തീകരിക്കണമോ എന്നതിനെ സംബന്ധിച്ച് വ്യക്തമായ തീരുമാനം ഇന്ന് വന്നിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഈ കെട്ടിടം ഇന്ന് കരാറുകാരൻ ഭാഗികമായി പണിനടത്തി അത് നിറുത്തിവച്ചിരിക്കുകയാണ്. വളരെ ജീർണ്ണിച്ച കെട്ടിടം ആണിത്. വർഷങ്ങൾക്ക് മുമ്പ്, സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പ് നിർമ്മിച്ച കെട്ടിടമാണ് കാസർകോട് താലൂക്കാശുപത്രി. ഗവൺമെന്റ് തുടങ്ങിവച്ച പ്രവർത്തികളുടെ കാര്യത്തിൽ ഗവൺമെന്റ് വ്യക്തമായ തീരുമാനം എടുക്കണം. ഈ പഞ്ചായത്ത് മുനിസിപ്പൽ നിയമം വരുന്നതിനുമുമ്പ് പണി ആരംഭിച്ച പ്രവർത്തികൾ ഗവൺമെന്റുതന്നെ പൂർത്തീകരിക്കുക, അല്ലെങ്കിൽ അതിന് ആവശ്യമായ ഫണ്ട്-മുനിസിപ്പാലിറ്റിയുടെ കയ്യിൽ ഉണ്ടാകില്ല-മുനിസിപ്പാലിറ്റികൾക്ക് നൽകി അതിന്റെ പണി എത്രയും വേഗത്തിൽ പൂർത്തീകരിക്കാൻ ആവശ്യമായ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2001-2002 വർഷത്തെ ബഡ്ജറ്റിൽ 4210-1-110-93 എന്ന ശീർഷകത്തിൽ പതിനാറ് ലക്ഷത്തി നാൽപ്പത്തിയേഴായിരം രൂപ താലൂക്ക് ആശുപത്രികളുടെ നിർമ്മാണത്തിനായി വകയിരുത്തിയിട്ടുണ്ട്. കാസർകോട് താലൂക്ക് ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിനായിട്ട് എന്ന് പ്രത്യേകം പേരെടുത്ത് വകയിരുത്തിയിട്ടുള്ളതാണ്. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് മുൻപ് തുടങ്ങിവച്ചതും നടന്നുവരുന്നതുമായ പണികൾ പൂർത്തീകരിച്ച് അതത് വകുപ്പുകൾക്ക് വിട്ടുകൊടുക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ച് കാസർകോട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള ചുമതല മുനിസിപാലിറ്റിയുടേതല്ല, ഗവൺമെന്റിനാണ്. ഇതിലേക്ക് ആവശ്യമായ ഫണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് അനുസരിച്ച് വിനിയോഗിക്കുന്നതാണ്.

(4) തൃശ്ശൂർ, കൊല്ലം കോർപ്പറേഷനുകളുടെ പരിധിയിൽപ്പെട്ട സർക്കാർ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ കോമ്പൻസേറ്ററി അലവൻസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, തൃശ്ശൂർ, കൊല്ലം നഗരങ്ങൾ കോർപ്പറേഷനായി മാറ്റിയിട്ട് ആറേഴു മാസങ്ങളായി. തെരഞ്ഞെടുപ്പുകൾ കഴിഞ്ഞു. പുതിയ ഭരണസംവിധാനം വന്നു. രണ്ടു കോർപ്പറേഷനുകളുടെയും പരിധിയിൽപ്പെട്ട സർക്കാർ ജീവനക്കാർക്ക് സിറ്റി കോമ്പൻസേറ്ററി അലവൻസും വർദ്ധിച്ച നിരക്കിലുള്ള ഹൗസ് റെന്റ് അലവൻസും ഇന്നും ലഭ്യമായിട്ടില്ല. സർവീസ് സംഘടനകളൊക്കെതന്നെ ഇക്കാര്യത്തിനുവേണ്ടി ആവശ്യപ്പെട്ടിരുന്നു. അതുകൊണ്ട് ഉടനെ മറ്റ് കോർപ്പറേഷനുകളിൽ അനുവദിക്കുന്ന സിറ്റി കോമ്പൻസേറ്ററി അലവൻസും ഹൗസ് റെന്റ് അലവൻസും അവർക്ക് കൂടി ബാധകമാക്കാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്ന് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, നഗരപ്രദേശങ്ങളെ ജനസംഖ്യാ അടിസ്ഥാനത്തിൽ എ, ബി1, ബി2, സി എന്നിങ്ങനെ കേന്ദ്രസർക്കാർ ക്ലാസിഫൈ ചെയ്തിട്ടുണ്ട്. കേരളത്തിലെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബി 2 ക്ലാസ് സിറ്റികൾ എന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ ഈ നഗരങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ഉയർന്ന നിരക്കിലുള്ള വീട്ടു വാടക അലവൻസും സിറ്റി കോമ്പൻസേറ്ററി അലവൻസും നൽകുന്നുണ്ട്. എന്നാൽ പുതുതായി രൂപീകരിച്ചിട്ടുള്ള തൃശ്ശൂർ, കൊല്ലം നഗരസഭകളെ ക്ലാസിഫൈ ചെയ്തുകൊണ്ടുള്ള വിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലാണ് ഈ നഗരസഭയ്ക്കുള്ളിൽ വരുന്ന ജീവനക്കാർക്ക് ഉയർന്ന നിരക്കിലുള്ള വീട്ടുവാടക അലവൻസും കോമ്പൻസേറ്ററി അലവൻസും നൽകാൻ കഴിയാത്തത്. കേന്ദ്രസർക്കാരിന്റെ ഇതു സംബന്ധിച്ച നോട്ടിഫിക്കേഷൻ ലഭിച്ചാൽ ഉടൻ ഉയർന്ന നിരക്കുകൾ അവർക്ക് അനുവദിക്കാവുന്നതാണ്.

11 A.M.]

LIBRARY ARCHIVES Kerala Legislative Assembly